**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 653** **10-02-2025 - ൽ മറുപടിയ്ക്ക്**

**ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | യു.ഡി.എഫ്. ഭരണകാലത്തെ ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കിയതിനെത്തുടർന്ന് പുതിയ കരാർ നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (KSERC) ചട്ട ലംഘനം ഉന്നയിച്ച് അനുമതി നിഷേധിച്ച 465 MW ദീർഘ കാല വൈദ്യുതി കരാറിനു പകരമായി 500 MW വൈദ്യുതി 5 വർഷത്തേക്ക് ലഭ്യമാക്കു ന്നതിന് 07.06.2023 ന് കെ.എസ്.ഇ. ബി.എൽ. മധ്യ കാല ടെണ്ടർ വിളിച്ചുവെങ്കിലും നിരക്ക് (യൂണിറ്റിന് 6.88 രൂപ) കൂടുതൽ ആയതിനാൽ പ്രസ്തുത ടെൻഡർ റദ്ദു ചെയ്യുകയായിരുന്നു. തുടർന്ന് 07.12.2023നു 300 മെഗാവാട്ട് വൈദ്യുതി രണ്ടര വർഷത്തേക്കായി മധ്യകാല ടെൻഡർ വിളിച്ചെങ്കിലും നിരക്ക് യൂണിറ്റിന് 7.48 രൂപ ആയതിനാൽ ആ ടെൻഡറും റദ്ദ് ചെയ്യുകയായിരുന്നു. അനന്തരം നിലനിൽക്കുന്ന വൈദ്യുതി ലഭ്യത കുറവ് നികത്താൻ ദീർഘകാല അടിസ്ഥാന ത്തിൽ 500 MW ന്റെ ടെൻഡർ23.12.2024 നു ക്ഷണിക്കുകയുണ്ടായി. പ്രസ്തുത ടെൻഡർ നടപടിക്രമങ്ങൾ പുരോഗമിച്ചു കൊണ്ടി രിക്കുകയാണ്. ഇതിനു പുറമെ സംസ്ഥാന സർക്കാരിന്റെയും കെ.എസ്. ഇ.ബി.എൽ. ന്റെയും നിരന്തര പരിശ്രമത്തിന്റെ ഫലമായി 500 മെഗാവാട്ടിന്റെ Coal Linkage സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ദീർഘകാല ടെൻഡർ ക്ഷണിക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കുന്നതിന് ചൂണ്ടിക്കാട്ടിയ കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കരാറുകൾ പുനരുജ്ജീവിപ്പിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ഇ.ബി.എൽ. 2014ൽ DBFOO (Design Build Finance Own and Operate) അടിസ്ഥാനത്തിൽ 2 ബിഡ്ഡുകളിലായി 765 മെഗാവാട്ട് വൈദ്യുതിക്ക് വേണ്ടിയുള്ള ദീർഘകാല കരാറിൽ ഏർപ്പെടുക യുണ്ടായി. എന്നാൽ കേന്ദ്ര വൈദ്യുതി മന്ത്രാലയം പുറപ്പെടുവിച്ച ടെൻഡർ മാനദണ്ഡങ്ങളിൽ നിന്നുള്ള വ്യതിയാനം ചൂണ്ടിക്കാട്ടി |

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 30.08.2016 ലെ ഉത്തരവ് പ്രകാരം ബിഡ് 1 ലെയും ബിഡ് 2 ലെയും L-1നു മാത്രമാണ് കരാർ അനുമതി നൽകിയത്. വൈദ്യുതി ആവശ്യകത പരിഗണിച്ച് സംസ്ഥാന സർക്കാരും വൈദ്യുതി റെഗുലേറ്ററി കമ്മീഷനും കരാർ പ്രകാരമുള്ള വൈദ്യുതി പൂർണ്ണമായും schedule ചെയ്യാൻ അനുവദിച്ചു. അനന്തരം ബിഡ് 1 ലെ 315 മെഗാവാട്ട് വൈദ്യുതി 1.12.2016മുതലും ബിഡ് 2 ലെ 450 മെഗാവാട്ട് വൈദ്യുതി 1.10.2017 മുതലും കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ചു തുടങ്ങി. എന്നാൽ ചട്ടലംഘനം ഉന്നയിച്ച് 10.05.2023 ലെ ഉത്തരവിലൂടെ ബഹു. കമ്മിഷൻ (KSERC) 465 MW ദീർഘകാല കരാറിന് അനുമതി നിഷേധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇതിനെ തുടർന്ന് KSERC ക്ക് വൈദ്യുതി നിയമത്തിലെ ചട്ടം 108 പ്രകാരം സർക്കാർ നിർദ്ദേശം നൽകണമെന്ന് സംസ്ഥാന സർക്കാരിനോട് കെ.എസ്. ഇ.ബി.എൽ. അപേക്ഷിച്ചിരുന്നു. അപ്ര കാരം കേരള സർക്കാർ 10.10.2023ന് റെഗുലേറ്ററി കമ്മിഷന് വൈദ്യുതി നിയമം 2003 ചട്ടം 108 അനുസരിച്ച് നിർദേശം നൽകുകയും 29.12.2023 ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാറുകൾ പുനഃ സ്ഥാപിക്കുകയുമാണ് ഉണ്ടായതു. എന്നാൽ തുടർന്നും ജനറേറ്റർമാർ മേൽ ഉത്തരവ് അനുസരിച്ച് വൈദ്യുതിനൽകാൻ തയ്യാ റായില്ല. അവർ APTELനെ 30.01.2024ൽ സമീപിക്കുകയും കെ.എസ്.

ഇ.ബി.-യുടെ വാദം അംഗീകരിക്കാതെ APTEL, ജനറേറ്റർമാർക്ക് അനുകൂലമായി 26.07.2024 -ന് വിധി പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിനെതിരെ കെ.എസ്.ഇ.ബി.എൽ. ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതി 30.09.2024ന് APTEL ന്റെ വിധി ശരിവയ്ക്കുകയുണ്ടായെങ്കിലും 10.5.2023ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവി നെതിരെ അപ്പീൽ പോകാനുള്ള അനുമതി നൽകുകയും ചെയ്തു. കരാറുകൾ റദ്ദാക്കി യതുമായി ബന്ധപെട്ട കെ.എസ്.ഇ .ബി.എൽ. നൽകിയ ഹർജി നിലവിൽ APTEL ന്റെ പരിഗണയിൽ ആണ്. പ്രസ്തുത കരാറുകൾ പ്രകാരം ലഭിച്ചിരുന്ന' വൈദ്യുതിയുടെ നിരക്ക് താരതമ്യേന വളരെ കുറവ് ആയതിനാൽകേരളത്തിന്റെ വൈദ്യുതി ആവശ്യകത പരിഗണിച്ചും സംസ്ഥാന താത്പര്യം മുൻനിർത്തിയും

| | | | |
|---|---|---|---|
| | | | കരാറുകൾ പുനരുജ്ജീവി പ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. |
| (സി) | ഇപ്രകാരം കരാറുകൾ പുനരുജ്ജീവിപ്പിച്ചപ്പോൾ കമ്പനികൾ പഴയ നിരക്കിൽ വൈദ്യുതി നൽകാൻ തയ്യാറായിരുന്നോ എന്നറിയിക്കുമോ; ഇല്ലെങ്കിൽ ഇതുമൂലം നിരക്കിലുണ്ടായ വ്യത്യാസം എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | 29.12.2023 ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാറുകൾ പുനഃ സ്ഥാപിക്കുകയും കരാർ പ്രകാരമുള്ള നിരക്കിൽ തന്നെ വൈദ്യുതി നൽകണമെന്ന് ഉല്പാദകരോട് നിർദ്ദേ ശിക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷൻ ഉത്തരവ് വന്നപ്പോൾ തന്നെ കെ.എസ്.ഇ.ബി.എൽ. ഉല്പാദകരോട് കരാർ പ്രകാരമുള്ള വൈദ്യുതി പുനഃസ്ഥാപിക്കാൻ അഭ്യർത്ഥിക്കു കയുണ്ടായി. പക്ഷെ കരാർ പ്രകാരമുള്ള വൈദ്യുതി നല്കാൻ ഉത്പാദകർ അന്നു തയ്യാറാകാതെ അവർ APTELനെ സമീപിക്കുകയാണ് ഉണ്ടായത്. ബഹു. APTEL ജനറേറ്റർമാർക്ക് അനുകൂലമായി 26.07.2024ന് വിധി പുറപ്പെടുവിച്ചു. |
| (ഡി) | ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കിയതിലൂടെ കെ.എസ്.ഇ.ബി.യ്ക്ക് ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ദീർഘകാല കരാറുകൾ റദ്ദാക്കിയത് കൊണ്ടുള്ള അധിക ജലവൈദ്യുതി ഉത്പാദനം മൂലവും പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി വാങ്ങിയ വകയിലും കെ.എസ്.ഇ.ബി.എൽ.-നു ഇതുവരെ ഏകദേശം 410 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടായിട്ടുണ്ടെന്ന് KSEBL അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ